## പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## പതിനഞ്ചാമത് റിപ്പോർട്ട്

**(ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട്)**

(2018 ഡിസംബർ 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

**പതിനഞ്ചാമത് റിപ്പോർട്ട്**

**(ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട്)**

(2018 ഡിസംബർ 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1746/2018.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| ആമുഖം | .. vii |
| റിപ്പോർട്ട് | .. 1 |
| സമിതിയുടെ ശിപാർശകൾ | .. 13 |

# പരിസ്ഥിതി സംബന്ധിച്ച സമിതി

## (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. മുല്ലക്കര രത്നാകരൻ.

<u>അംഗങ്ങൾ:</u>

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

## ആമുഖം

ലോകപ്രശസ്തവും പുരാതനവും ജാതി-മത സൗഹാർദ്ദത്തിന്റെ മഹനീയ മാതൃകയായി കേരളം എന്നും ഉയർത്തിക്കാട്ടുന്ന തീർത്ഥാടന കേന്ദ്രവുമാണ് ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രം. അത്ഭുതപൂർവ്വമായ ഭക്തജനത്തിരക്ക് അനുഭവപ്പെടുമ്പോൾതന്നെ വന്യജീവികളുടെ എണ്ണം കൊണ്ടും വനനിബിഡത കൊണ്ടും പാരിസ്ഥിതിക പ്രാധാന്യം കൊണ്ടും അമൂല്യമായി നിലനിൽക്കുന്നുവെന്നുള്ളതാണ് മറ്റ് കാനനക്ഷേത്രങ്ങളിൽ നിന്നും ശബരിമലയെ വ്യത്യസ്തമാക്കുന്നത്. ഇന്ത്യയിലെ കടുവാ സങ്കേതങ്ങളിൽ വച്ച് വളരെ പ്രാധാന്യമുള്ളതും 925 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതുമായ പെരിയാർ കടുവാ സങ്കേതത്തിന്റെ കോർ ഏരിയയാൽ ചുറ്റപ്പെട്ടു കിടക്കുന്ന കാനനക്ഷേത്രമായ ശബരിമല, നിത്യഹരിത വനങ്ങളും മഴക്കാടുകളും പുൽമേടുകളുമെല്ലാം ഉൾപ്പെടുന്ന പെരിയാർ വനമേഖലയുടെ വൈവിദ്ധ്യങ്ങളുടെ ഒരു ചെറുപതിപ്പാണ്. ശബരിമല കാനനക്ഷേത്രവും ചുറ്റുമുള്ള സ്ഥലങ്ങളും പമ്പാ നദിയുടെ വലത് ഭാഗത്തും സന്നിധാനത്തും ദേവസ്വം ബോർഡ് നിലവിൽ ഉപയോഗിച്ചു വരുന്നതുമായ സ്ഥലങ്ങൾ വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡിന് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയാണ്. പ്രസ്തുത ഭൂമി നിയമപരമായി റിസർവ് ഭൂമിയായി പരിഗണിക്കപ്പെടുന്ന വനമേഖലയുമാണ്. തെക്കേഇൻഡ്യയിലെ പ്രശസ്തമായ ഈ തീർത്ഥാടന കേന്ദ്രത്തിലെ ഭക്തജനക്ഷേമ പ്രവർത്തനങ്ങൾ ഇവിടത്തെ വനം/പരിസ്ഥിതിമേഖലകൾക്കും പമ്പാ നദിക്കും ആഘാതമേൽക്കാത്ത വിധത്തിൽ നിലനിർത്തുക എന്നുള്ളതാണ് ശബരിമലയും പൂങ്കാവനവും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

എരുമേലി, ശബരിമല എന്നിവിടങ്ങളിലെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ച സമിതി, നിലവിൽ ശബരിമലയും അവിടേക്കുള്ള യാത്രയുടെ പ്രധാന ഇടത്താവളങ്ങളും നേരിടുന്ന പാരിസ്ഥിതിക, മലിനീകരണ പ്രശ്നങ്ങൾ നേരിൽക്കണ്ട് വിലയിരുത്തുന്നതിനായി 2018 ഏപ്രിൽ മാസം 17-ാം തീയതി എരുമേലിയിലും പമ്പയിലും തെളിവെടുപ്പ് യോഗങ്ങൾ നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിവിധ സംഘടനാ പ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, ഭക്തജനങ്ങൾ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുക്കുകയും അവരുമായി ചർച്ച നടത്തുകയും തുടർന്ന് എരുമേലി, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങൾ സന്ദർശിക്കുകയും ചെയ്തു. പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന ചില പ്രവണതകൾ എരുമേലിയിലും പമ്പയിലുമൊക്കെ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വർദ്ധിച്ചുവരുന്ന തീർത്ഥാടകരുടെ എണ്ണവും അവിടെയുണ്ടാകുന്ന മാലിന്യവും അവിടത്തെ പരിസ്ഥിതിക്കും ജീവജാലങ്ങൾക്കും ദോഷകരമാകാത്ത തരത്തിൽ എങ്ങനെ

പരിഹരിക്കാമെന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനായി സമിതി 26-7-2018-ന് തിരുവനന്തപുരത്ത് വച്ച് വീണ്ടും യോഗം ചേരുകയും റവന്യൂ, ജലവിഭവം, തദ്ദേശസ്വയംഭരണം, വനം-വന്യജീവി, ഗതാഗതം, ആരോഗ്യകുടുംബക്ഷേമം, പരിസ്ഥിതി, വിനോദസഞ്ചാരം തുടങ്ങിയ വകുപ്പുകളുടെ സെക്രട്ടറിമാരിൽ നിന്നും കൂടാതെ, മലിനീകരണ നിയന്ത്രണ ബോർഡ്, ദേവസ്വം ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പുകളുടെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2018 ഡിസംബർ 4-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 4.

# റിപ്പോർട്ട്

ലോകത്തുതന്നെ വളരെ പ്രാധാന്യമുള്ള ഒരു തീർത്ഥാടന കേന്ദ്രമാണ് ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രം. മതേതരത്വത്തിന്റെ മകുടോദാഹരണമായ ഈ ക്ഷേത്രത്തിലെ തീർത്ഥാടനവും ആചാരാനുഷ്ഠാനങ്ങളും പ്രതിഷ്ഠാ സങ്കല്പവും വളരേയേറെ പ്രത്യേകത നിറഞ്ഞതാണ്. ക്ഷേത്രത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചും പ്രതിഷ്ഠാ സങ്കല്പത്തെക്കുറിച്ചും നിരവധി ഐതിഹ്യങ്ങൾ നിലവിലുണ്ട്. കോടിക്കണക്കായ ഭക്തജനങ്ങൾ ഈശ്വര സാക്ഷാത്കാരം തേടിയെത്തുന്ന സന്നിധാനത്ത് ഏറ്റവും പ്രാധാന്യമുള്ള തീർത്ഥാടനകാലം വൃശ്ചികമാസം 1-ന് ആരംഭിക്കുന്ന മണ്ഡല-മകരവിളക്ക് സീസണാണ്.

ഓരോ വർഷവും ഭക്തരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ക്ഷേത്രത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നതാണ്. എരുമേലി, പമ്പ, നിലയ്ക്കൽ, കരിമല, നീലിമല, വണ്ടിപ്പെരിയാർ, പുൽമേട് തുടങ്ങിയ പ്രദേശങ്ങളും, പരമ്പരാഗത കാനനപാതയും ശബരിമല തീർത്ഥാടനവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. സമകാലീന സാമൂഹ്യ വ്യവസ്ഥയിൽ ശബരിമല ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളും, സാഹോദര്യവും മതേതര കാഴ്ചപ്പാടും അഭംഗുരം നിലനിർത്തേണ്ടത് എല്ലാവരുടെയും കടമയാണെന്ന് സമിതി കരുതുന്നു.

ശബരിമല ഒരു കാനനക്ഷേത്രമാണെന്നതും, അതീവ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ അതിന് ചുറ്റുമുള്ളതുകൊണ്ടും തീർത്ഥാടന കേന്ദ്രത്തിന്റെ തനിമയും പരിസ്ഥിതിയും നിലനിർത്തുക എന്നുള്ളത് ഒരു വലിയ വെല്ലുവിളിയാണ്. എന്നാൽ ഭക്തർക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കേണ്ടതുമുണ്ട്. 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയം പമ്പാ തടത്തെ തകർത്തെറിഞ്ഞതിനാൽ അവിടെ ഭൗതിക സൗകര്യങ്ങൾ വീണ്ടും ഒരുക്കുക എന്നത് ഭഗീരഥ പ്രയത്നത്തിലൂടെ മാത്രമേ സാദ്ധ്യമാകുകയുള്ളൂ.

ശബരിമല തീർത്ഥാടനംമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പമ്പാ നദിയിലും അനുബന്ധ ആവാസ വ്യവസ്ഥയിലും ഏൽപ്പിക്കുന്ന ആഘാതം അതീവ ഗുരുതരമാണെന്ന് കാണാം. ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ തീർത്ഥാടകരോടൊപ്പം തീർത്ഥാടനം മുഖേനയുള്ള ആഘാതം ഏൽക്കേണ്ടി വരുന്ന പ്രദേശങ്ങളേയും അവിടങ്ങളിലെ ജനങ്ങളെയും കണക്കിലെടുക്കേണ്ടതുണ്ട്. പ്രധാനമായും പശ്ചിമഘട്ട മലനിരകളിലെ ശബരിമലയിൽ കാടുകളേയും പമ്പാനദിയേയും

സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ജൈവസമ്പന്നമായ ഒരു വനമേഖലയിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത വിധം ദോഷകരമായി മാറിക്കൊണ്ടിരിക്കുകയാണ് ഓരോ വർഷവും ശബരിമല തീർത്ഥാടനം. പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് ഏറെ ചർച്ചകൾ നടക്കുന്ന കാലഘട്ടമായിരുന്നിട്ടും പെരിയാർ കടുവാ സങ്കേതത്തിന്റെ ഉള്ളിലുള്ള ഈ ക്ഷേത്രത്തിലേക്ക് ജനകോടികൾ എത്തിച്ചേരുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ കേരളത്തിൽ വിരളമാണ്.

ശബരിമല സന്നിധാനത്തേയും പമ്പയിലേയും പരിസര പ്രദേശങ്ങളിലെയും മാലിന്യസംസ്കരണത്തിന്റെ അഭാവവും ശുചിത്വ പരിപാലനത്തിലെ പോരായ്മകളും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി പരിസ്ഥിതി സംബന്ധിച്ച സമിതി പലതവണ ശബരിമലയും, പമ്പയും, എരുമേലിയും സന്ദർശിക്കുകയും ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവുകൾ ശേഖരിച്ച് വിശദമായ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്.

തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്നതോടൊപ്പം ജൈവവൈവിധ്യത്തിന് കോട്ടം തട്ടാതെയും വന്യജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കാതെയും ശബരിമലയിലേയും സന്നിധാനത്തേയും സമീപപ്രദേശങ്ങളിലെയും പരിസ്ഥിതി പരിപാലിക്കുന്നതിനായി വിവിധ നിർദ്ദേശങ്ങളും, ശബരിമലയുടെ സമഗ്രവികസനം മുൻനിർത്തിയുള്ള ശിപാർശകളും ഉൾപ്പെടുത്തിക്കൊണ്ട് നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി വിവിധ കാലങ്ങളിൽ ആറ് പ്രത്യേക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിരുന്നു. എരുമേലി, പമ്പ, ശബരിമല എന്നിവിടങ്ങളിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ, ഗതാഗതക്കുരുക്ക്, പാർക്കിംഗ് സൗകര്യത്തിന്റെ കുറവ്, ആശുപത്രി സംവിധാനത്തിന്റെ അപര്യാപ്തത എന്നിവ സംബന്ധിച്ച് സമിതിക്ക് വീണ്ടും ലഭിച്ചുകൊണ്ടിരിക്കുന്ന നിവേദനങ്ങൾ, സമിതിയുടെ മുൻകാല റിപ്പോർട്ടുകളിലെ ശിപാർശകൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്തതിന്റെ ബാക്കിപത്രമായി സമിതി വിലയിരുത്തുന്നു.

ശബരിമലസന്നിധാനത്തിന്റെയും പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലെയും വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളും തീർത്ഥാടകർക്കുവേണ്ടി ചെയ്യപ്പെടുന്ന നിർമ്മാണപ്രവർത്തനങ്ങളും സംബന്ധിച്ച് 1996 മുതലുള്ള നിയമസഭാ പരിസ്ഥിതി സംബന്ധിച്ച സമിതികൾ സമഗ്രമായ റിപ്പോർട്ടുകളും ശിപാർശകളും സർക്കാരിനു

സമർപ്പിച്ചിട്ടുള്ളതാണ്. തീർത്ഥാടനകാലത്ത് വിതരണം ചെയ്യുന്ന വെള്ളത്തിന്റെയും ഭക്ഷ്യവസ്തുക്കളുടെയും ഗുണനിലവാരം കർശന പരിശോധനയ്ക്ക് വിധേയമാക്കണമെന്നും പമ്പാനദിയെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുന്നതിനും കുടിവെള്ള സ്രോതസ്സാക്കി മാറ്റുന്നതിനും ദീർഘകാല സംരക്ഷണത്തിനായുള്ള പദ്ധതി നടപ്പിലാക്കണമെന്നും ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി ഭക്തജനങ്ങൾ ഉപയോഗിക്കുന്ന വിഷാംശം അടങ്ങിയ വർണ്ണപ്പൊടികളുടെ ഉപയോഗം നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിലയ്ക്കൽ ഇടത്താവളമാക്കണമെന്നും തുടങ്ങിയുള്ള നിർദ്ദേശങ്ങൾ പ്രസ്തുത റിപ്പോർട്ടുകളിൽ സമിതി ആവർത്തിച്ച് പറഞ്ഞിട്ടുള്ളതുമാണ്. ശബരിമലയിൽ ദേവസ്വം ബോർഡിന്റെയും സർക്കാരിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹൈക്കോടതി നിയോഗിച്ച ഹൈപവർ കമ്മിറ്റി താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾകൂടി ഏകോപിപ്പിക്കുന്നതിന് മുൻകൈ എടുക്കണമെന്നും മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ടാസ്ക് ഫോഴ്സ് രൂപീകരിക്കണമെന്നും പരിസ്ഥിതി സംബന്ധിച്ച സമിതി സഭയിൽ സമർപ്പിച്ച മുൻ റിപ്പോർട്ടുകളിൽ ശിപാർശ ചെയ്തിരുന്നു. വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മമൂലം ശബരിമലയിൽ പ്രാവർത്തികമാക്കേണ്ട കാര്യങ്ങൾ യഥാസമയം നടപ്പിലാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ശബരിമല തീർത്ഥാടകർ ഉപയോഗിക്കുന്ന രാസസിന്ദൂരം ഉയർത്തുന്ന പാരിസ്ഥിതിക ഭീഷണി ചെറുതല്ല എന്ന് സമിതി വിലയിരുത്തുന്നു. മാരകമായ രാസസിന്ദൂരത്തിനുപകരം ജൈവസിന്ദൂരം തീർത്ഥാടകർക്ക് നൽകുന്നതിന് ഒരു പരിപാടി സംഘടിപ്പിച്ചിരുന്നതായും തെലങ്കാന അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത ശുദ്ധമായ ജൈവസിന്ദൂരം സാധാരണ ഭക്തരിൽ എത്തിച്ചിട്ടില്ല എന്നും തെളിവെടുപ്പ് യോഗത്തിൽ പരിസ്ഥിതി പ്രവർത്തകർ അറിയിച്ചിരുന്നു. വിലവർദ്ധനവ് ഉണ്ടായാലും മാരകമായ രാസസിന്ദൂരം ഒഴിവാക്കി ജൈവസിന്ദൂരത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു.

ശബരിമലയിലെത്തുന്ന തീർത്ഥാടകരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നതിനാൽ കാനനക്ഷേത്രത്തിന്റെ പാരിസ്ഥിതിക സംരക്ഷണത്തിന് നിലവിലെ ആധുനിക സൗകര്യങ്ങൾ വെല്ലുവിളികൾ ഉയർത്തുന്ന സാഹചര്യത്തെ ശരിയായ രീതിയിൽ അഭിമുഖീകരിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. തീർത്ഥാടനകാലം, പ്രകൃതിയുടെ പരിരക്ഷ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യേകത എന്നിവയുമായി ബന്ധപ്പെട്ട് കൃത്യവും വളരെ ശാസ്ത്രീയവുമായ ഒരു സമീപനം സ്വീകരിക്കാൻ വകുപ്പുകൾക്ക്

കഴിഞ്ഞിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ സീസണിലും ശബരിമലയിൽ വന്നെത്തുന്ന ഭക്തരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനെ സംബന്ധിക്കുന്ന കണക്കുകളോ വിവരങ്ങളോ ദേവസ്വം ബോർഡോ മറ്റ് ഏജൻസികളോ ശേഖരിച്ച് സൂക്ഷിക്കുവാനുള്ള സംവിധാനം, അവിടെ വരുന്ന വാഹനങ്ങളുടെ പാർക്കിംഗ്, മാലിന്യസംസ്കരണ സംവിധാനങ്ങൾ, ഭക്തർക്ക് ഏർപ്പെടുത്തേണ്ട അത്യാവശ്യ സൗകര്യങ്ങൾ, അവിടത്തെ നദികളിലെ ജലത്തിന്റെ അളവ് ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം സമിതിയുടെ തെളിവെടുപ്പ് വേളയിൽ വിശദമായി ചർച്ച ചെയ്തു. കാനനക്ഷേത്രത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലാഭേച്ഛയോടുകൂടി പ്രവർത്തിക്കുന്നവരാണ് അവിടത്തെ പ്രശ്നങ്ങൾക്ക് കാരണമെന്നും ശാസ്ത്രീയമായ രീതിയിലുള്ള ഏകോപനമില്ലായ്മയും ക്രമീകരണങ്ങളുടെ അഭാവവും സൂക്ഷ്മമായ മോണിറ്ററിംഗ് സംവിധാനമില്ലാത്തതുമാണ് ഇതിന് കാരണമെന്നും സമിതി വിലയിരുത്തുന്നു. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് എരുമേലി, പുൽമേട്, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലൂടെ സന്നിധാനത്ത് എത്തിച്ചേരുന്നവരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഇതുവരെയും ആരംഭിച്ചിട്ടില്ല എന്ന് സമിതി കരുതുന്നു. ഭക്തരുടെ എണ്ണം തിട്ടപ്പെടുത്തിയാൽ അതിനനുസരിച്ചുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് വകുപ്പുകൾക്ക് കഴിയുമെന്നതിനാൽ ഇത് സംബന്ധിച്ച വ്യക്തമായ കണക്കുകൾ തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

ശബരിമലയിൽ ഇന്ന് നേരിടുന്ന എല്ലാ വികസന പ്രശ്നങ്ങളും സമിതിയുടെ നിർണ്ണായകമായ നിർദ്ദേശങ്ങൾ നടപ്പിലാക്കാത്തതിനാലും അതിന് കടകവിരുദ്ധമായ നിർമ്മാണങ്ങളും മറ്റു പ്രവർത്തനങ്ങളും നടത്തുന്നതിന്റെ ഫലമായിട്ടാണെന്നും സമിതി വിലയിരുത്തുന്നു. ശബരിമല തീർത്ഥാടനത്തിനായി പോകുന്ന അയ്യപ്പഭക്തരിൽ ബഹുഭൂരിപക്ഷവും എത്തിച്ചേരുന്ന ഒരു പ്രദേശമാണ് എരുമേലി. എരുമേലിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർമ്മിച്ചിട്ടുള്ള ഏകദേശം 240 ടോയ്‌ലെറ്റുകൾക്കായി രണ്ട് ചെറിയ എസ്.റ്റി.പി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിലും പല മടങ്ങ് സ്വകാര്യ ടോയ്‌ലെറ്റുകളുടെ ഔട്ട്‌ലെറ്റുകളും ചില വീടുകളുടെ ഔട്ട്‌ലെറ്റുകളും പമ്പയുടെ കൈവഴിയായ മണിമലയാറിലേക്കാണ് തുറന്നുവെച്ചിരിക്കുന്നത്. ഇത്രയധികം സ്വകാര്യ ഔട്ട്‌ലെറ്റുകൾ ഉൾക്കൊള്ളിക്കുവാൻ കഴിയുന്ന തരത്തിലുള്ള എസ്.റ്റി.പി. സംവിധാനം ഉണ്ടെങ്കിൽ മാത്രമേ മാലിന്യസംസ്കരണത്തിന് ശാശ്വതപരിഹാരം കാണാൻ കഴിയുകയുള്ളുവെന്ന് സമിതി വിലയിരുത്തുന്നു. എല്ലാ വർഷവും എരുമേലിവഴി

കടന്നു പോകുന്ന അയ്യപ്പഭക്തരുടെ എണ്ണത്തിൽ വൻ വർദ്ധനവ് വന്നുകൊണ്ടിരിക്കുകയാണ്. ആയതിനാൽ എരുമേലിയിലും പരിസരപ്രദേശങ്ങളിലുമുണ്ടാകുന്ന മാലിന്യത്തിന്റെ തോത് ക്രമാതീതമായി വർദ്ധിച്ചുവരുന്നു. സീസൺ സമയത്ത് പ്രവർത്തിക്കുന്ന താൽക്കാലിക കടകളിലെ മാലിന്യങ്ങൾ സംസ്കരിക്കാതെ സീസണിനുശേഷം ഉപേക്ഷിച്ച് പോകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണത അവസാനിപ്പിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ലാഭക്കൊതിയന്മാരായ ഒരു കച്ചവട സമൂഹം ഉണ്ടാകുമെന്നും ഇത്തരം കച്ചവട സമൂഹത്തിന്റെ ദുരാഗ്രഹംമൂലം ആണ് എരുമേലിയും, സന്നിധാനവും കൂടുതൽ മലിനപ്പെടുന്നതെന്നും ഈ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും നിലവിലുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട ഒരു സംവിധാനം ഉണ്ടാകേണ്ടതാണെന്നും സമിതി നിരീക്ഷിക്കുന്നു. എരുമേലിയിലെ പ്രൈവറ്റ് ബസ് സ്റ്റാന്റിലുള്ള കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നില്ലെന്നും ഇത്രയധികം തീർത്ഥാടകർ വന്നുപോകുന്ന എരുമേലിയിൽ ടാക്സി സ്റ്റാന്റ് ഇല്ലായെന്നും തീർത്ഥാടകരിലേറെയും പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നതായും തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക് ബോധ്യപ്പെട്ട വിവരങ്ങളാണ്. ആയതിനാൽ എരുമേലിയിൽ ഒരു ടാക്സി സ്റ്റാന്റ് നിർമ്മിക്കുന്നതിനും, കംഫർട്ട് സ്റ്റേഷനുകൾ കൂടുതൽ സൗകര്യങ്ങളോടുകൂടി പ്രവർത്തിപ്പിക്കുന്നതിനും അടിയന്തര നടപടികളുണ്ടാകേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

മണ്ഡലകാലമാരംഭിച്ചാൽ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ലക്ഷക്കണക്കിന് ഭക്തർ ശബരിമല ദർശനത്തിനെത്തുന്നു. മണ്ഡലകാലമവസാനിക്കുമ്പോൾ എരുമേലിയും നിലയ്ക്കലും പമ്പയുമെല്ലാം ഉൾക്കൊള്ളുന്ന സന്നിധാനത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ തള്ളപ്പെടുന്നത് വളരെ വലിയ അളവിലുള്ള മാലിന്യങ്ങളാണ്. അയ്യപ്പഭക്തർ കൊണ്ടുവരുന്ന വസ്തുങ്ങൾ, ഭക്ഷണപ്പൊതികൾ, പ്ലാസ്റ്റിക് കപ്പികൾ, മറ്റ് സഞ്ചികൾ, സോപ്പിന്റെയും ഷാംപുവിന്റെയും കവറുകൾ, വിരിവയ്ക്കാനായി കൊണ്ടുവരുന്ന പായകൾ (പ്ലാസ്റ്റിക് ഉൾപ്പെടെ) എന്നിവയൊക്കെയാണ് പ്രധാനമായും ശബരിമലയെ മലീമസമാക്കുന്ന വസ്തുക്കൾ. അയ്യപ്പഭക്തർ കൊണ്ടുവരുന്ന ഇത്തരം വസ്തുക്കൾ ഉപയോഗശേഷം എവിടെയെങ്കിലും ഉപേക്ഷിക്കുകയാണ് പതിവ്. അവ നിക്ഷേപിക്കാനായി ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ പ്രയോജനപ്പെടുത്താൻ ആരുംതന്നെ ശ്രമിക്കാറില്ല. ഇത്തരത്തിൽ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ കാനനക്ഷേത്രത്തിനു

ചുറ്റുമുള്ള വനപ്രദേശങ്ങളിൽ വലിയതോതിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. പ്ലാസ്റ്റിക്കും അതുപോലെയുള്ള വസ്തുക്കളും ഭക്ഷിക്കുന്നതുമൂലം ആനയുൾപ്പെടെയുള്ള കാട്ടുമൃഗങ്ങൾ ചത്തൊടുങ്ങുന്നു. കാലാകാലങ്ങളായി ഇത്തരത്തിൽ നിക്ഷേപിക്കപ്പെടുന്ന അജൈവവസ്തുക്കൾ മണ്ണിൽ അടിഞ്ഞുചേർന്ന് മണ്ണിന്റെയും പരിസ്ഥിതിയുടെയും ജൈവഘടന ഇല്ലാതാകുന്നതിന് കാരണമാകുന്നുവെന്നാണ് സമിതിയുടെ വിലയിരുത്തൽ.

മണ്ണും വനവും മാത്രമല്ല ഇത്തരത്തിൽ മാലിന്യം വഹിക്കുന്ന ഏറ്റവും വലിയ ജലസ്രോതസ്സാണ് പുണ്യനദിയെന്ന് വാഴ്ത്തപ്പെടുന്ന പമ്പാനദി. മനുഷ്യ വിസർജ്യങ്ങളും ഹോട്ടൽമാലിന്യങ്ങളും പമ്പാനദിയെ വലിയൊരളവിൽ കളങ്കപ്പെടുത്തുന്നുണ്ട്. പമ്പയിലെ ഇൻസിനറേറ്ററിന് സമീപം പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്രമാതീതമായ അളവിൽ അടിഞ്ഞു കൂടിക്കിടക്കുന്നത് വന്യജീവികൾക്ക് ഭീഷണിയായി മാറുന്നു. ശബരിമലയിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകളിൽ നിന്നും മറ്റും ശേഖരിക്കുന്ന ജൈവ, അജൈവ ഘടകങ്ങൾ പമ്പയിൽ ചെറിയാനവട്ടത്ത് സ്ഥിതിചെയ്യുന്ന ഇൻസിനറേറ്റർ പ്ലാന്റിന്റെ പരിസരത്ത് യഥാവിധി നിർമ്മാർജ്ജനം ചെയ്യപ്പെടാതെ വന്യജീവികൾക്ക് ഭീഷണിയാകുന്ന രീതിയിൽ ഉപേക്ഷിക്കപ്പെട്ടിട്ടുള്ളതായി സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഇൻസിനറേറ്ററിൽ അല്ലാതെ മാലിന്യക്കൂമ്പാരം നേരിട്ട് കത്തിക്കുന്നത് ഗുരുതരമായ പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നു. പമ്പയിൽ ഇന്ന് ഏറ്റവും കൂടുതൽ എത്തുന്ന വാഹനം ബൈക്കുകൾ ആയതിനാൽ സൂക്ഷ്മജീവികൾക്ക് ബൈക്കിന്റെ ശബ്ദം കൊണ്ടുണ്ടാകുന്ന പ്രത്യാഘാതം വളരെ വലുതാണെന്നുള്ള ശാസ്ത്രീയമായ പഠന റിപ്പോർട്ടുണ്ടെന്നും, ഇത് കാനന പാതയിലെ മറ്റ് ജീവികൾക്കും ഗുരുതരമായ ഭീഷണി സൃഷ്ടിക്കുന്നതായും നിലയ്ക്കലിനപ്പുറത്തേയ്ക്ക് ബൈക്ക് യാത്ര അനുവദിക്കരുതെന്നും എരുമേലിയിൽ തീർത്ഥാടകർക്കും മറ്റ് സ്ഥലവാസികൾക്കും സഞ്ചരിക്കാൻ ബൈപാസുകൾ നിർമ്മിക്കണമെന്നും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള ഉത്തരവാദിത്തം ആഭ്യന്തര, ഗതാഗത വകുപ്പുകളോടൊപ്പം തന്നെ ദേവസ്വം ബോർഡിനുമുണ്ടെന്നും സമിതി വിലയിരുത്തുന്നു.

സന്നിധാനത്ത് സ്ഥാപിച്ചിട്ടുള്ള മാലിന്യനിർമ്മാർജ്ജന പ്ലാന്റിൽനിന്നും പുറത്തേക്ക് വരുന്ന മനുഷ്യവിസർജ്ജ്യം കലർന്ന ജലം ഞുണങ്ങാറിലും അതുവഴി പമ്പയിലേക്കും ഒഴുകിയെത്തുന്നത് പമ്പയാറിൽ വലിയതോതിൽ രോഗാണുക്കൾ ഉണ്ടാകുന്നതിനും കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി കൂടുന്നതിനും കാരണമാകുന്നു. മാത്രമല്ല, സീസൺകാലയളവിലും മാസപൂജാസമയങ്ങളിലുമുണ്ടാകുന്ന വലിയ തോതിലുള്ള

മാലിന്യനിക്ഷേപം ആദിവാസി വിഭാഗത്തിൽപ്പെട്ട അട്ടത്തോട് നിവാസികളുടെ ജീവനു തന്നെ ഭീഷണിയായി മാറിയിരിക്കുകയാണ്. കൂടാതെ, മാലിന്യനിർമ്മാർജ്ജന പ്ലാന്റിലേക്ക് ബന്ധിപ്പിച്ചിട്ടുള്ള പൈപ്പുകൾ യഥാവിധി പരിപാലിക്കപ്പെടാത്തത് കക്കൂസ് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള ജൈവ, അജൈവ മാലിന്യങ്ങൾ കാട്ടിലേക്ക് അനിയന്ത്രിതമായി തള്ളുന്നതിന് കാരണമാകുന്നു. കുടിവെള്ളത്തിനായി പമ്പാനദിയെയും വേമ്പനാട്ട് കായലിനെയും ആശ്രയിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങൾക്ക് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഈ വിഷയത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശക്തമായ ഇടപെടലോടുകൂടി അടിയന്തര പരിഹാരം ഉണ്ടാകേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ശബരിമല സീസൺ കഴിഞ്ഞാൽ ഏകദേശം മൂന്ന് മാസക്കാലത്തോളം അട്ടത്തോട് മേഖലയിൽ ഈച്ചയും കൃമികീടങ്ങളും പെരുകി കോളനി നിവാസികൾക്ക് ത്വക്ക് രോഗങ്ങളും മറ്റ് പലവിധ അസുഖങ്ങളും ഉണ്ടാകുന്നുണ്ട് എന്ന പരാതി ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധചെലുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

ശബരീശനെ തൊഴുതുമടങ്ങുന്ന ഭക്തർ വിശ്വാസത്തിന്റെ ഭാഗമായി ഒഴുക്കിവിടുന്ന വസ്ത്രങ്ങൾ പമ്പാനദിയിലെ ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളിൽ ഒന്നാണ്. ജലനിരപ്പ് താഴുമ്പോൾ ജലത്തേക്കാൾ അധികമായി കാണാൻ കഴിയുന്നത് കെട്ടിക്കിടക്കുന്ന വസ്ത്രങ്ങളാണ്. ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്ന വസ്ത്രങ്ങൾ നദിയിൽ നിന്ന് മാറ്റുന്നതിന് സംവിധാനം ഉണ്ടെങ്കിലും മണ്ഡല-മകരവിളക്ക്കാലം കഴിയുന്നതുവരെ വസ്ത്രമുപേക്ഷിക്കൽ അനസ്യൂതം തുടരുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. വർഷാവർഷങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന വസ്ത്രങ്ങൾ ശേഖരിച്ച് ലേലം ചെയ്യുന്നതിലൂടെ മാത്രം ദേവസ്വം ബോർഡിന് വലിയൊരു തുക വരുമാനമായി ലഭിക്കുന്നുണ്ട് എന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പമ്പയിൽ ഉപേക്ഷിക്കപ്പെടുന്ന വസ്ത്രങ്ങളുടെ പെരുപ്പം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. വസ്ത്രങ്ങൾക്കു പുറമെ അയ്യപ്പഭക്തർ കൊണ്ടുവരുന്ന സോപ്പ്, ഷാംപൂ, എണ്ണ എന്നിവയുടെ പായ്ക്കറ്റുകൾ, ബ്രഷ്, പേസ്റ്റ് തുടങ്ങിയവയും പമ്പാനദിയെയും തീരത്തെയും മാലിന്യ നിക്ഷേപകേന്ദ്രങ്ങളാക്കുന്നതായി സമിതിക്ക് ബോധ്യംവന്നു. തീർത്ഥാടകരുടെ മനസ്സിന്റെ ഭയവും വ്യാകുലതകളും ഉപേക്ഷിക്കുന്നതിന്റെ ഭാഗമായി ധരിക്കുന്ന വസ്ത്രം നനച്ച് പമ്പയിലൊഴുക്കുന്ന രീതിയുള്ളതിനാൽ അത് ഒഴിവാക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടത്

അനിവാര്യമാണെന്നും ഇത്തരം രീതികൾ നദിയുടെ മരണത്തിനും ജനതയുടെ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകും എന്നത് അവരെ ബോധ്യപ്പെടുത്തേണ്ടതാണെന്നും ഭക്തർ കൊണ്ടുവരുന്ന സാധനങ്ങൾ കരയ്ക്കിട്ടിട്ടുപോയാൽ അവ കളക്റ്റ് ചെയ്ത് ഏതെങ്കിലും ഐ.ഐ.ടി.യുടെ സഹായത്തോടെ ചവിട്ടുമെത്ത പോലുള്ള മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റാൻ ശ്രമിക്കാവുന്നതാണെന്നും ഇത് ഒരു ബാധ്യതയായി കണക്കാക്കാതെ നമ്മുടെ ബുദ്ധിയും ഭാവനയും സാമൂഹ്യപ്രതിബദ്ധതയും കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു.

മാലിന്യസംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് പമ്പയെയും സന്നിധാനത്തെയും മാലിന്യക്കൂമ്പാരമാക്കുന്നതിന് കാരണമാകുന്നതെന്ന് കാണാം. ഇങ്ങനെ മലിനപ്പെട്ട പമ്പാനദിയിലെ ജലമാണ് ശബരിമലയിലെ പ്രധാന കുടിവെള്ള സ്രോതസ്സായി ഉപയോഗിച്ചുവരുന്നത്. പമ്പാ നദിയിലെ ത്രിവേണി സംഗമത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് പ്രഷർഫിൽറ്റർ, ഇലക്ട്രോ ക്ലോറിനേറ്റർ എന്നിവ വഴിയുള്ള ശുദ്ധീകരണ പ്രക്രിയകളിൽ കൂടിയാണ് ജലവിതരണം നടത്തിവരുന്നത്. ബഹു. കേരള ഹൈക്കോടതി കുപ്പിവെള്ളം നിരോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജല അതോറിറ്റി ആർ.ഒ. പ്ലാന്റുകൾ (Reverse Osmosis Plant) വഴിയും കാനനപാതയിലും മറ്റും ഇലക്ട്രോ ക്ലോറിനേറ്ററും പ്രഷർ ഫിൽറ്റർ സംവിധാനത്തിലൂടെയും ജലം നൽകിവരുന്നു. ആയതിനാൽ വ്യവസ്ഥാപിതമായ ഒരു സമ്പൂർണ്ണ ജല ശുദ്ധീകരണശാല പമ്പയ്ക്കുസമീപം ഹിൽടോപ്പിൽ നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഇതിനായി ഏകദേശം 1.5 ഏക്കറോളം വനഭൂമി ഹിൽടോപ്പിൽ ലഭിക്കേണ്ടതായുണ്ടെന്നും ജല അതോറിറ്റി സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ വിശദമാക്കിയിരുന്നു. സന്നിധാനത്ത് നടക്കുന്ന പല പ്രവർത്തനങ്ങളുടെയും ഫലമായി പുറത്തേക്ക് വരുന്ന ഓയിലിന്റെയും ഗ്രീസിന്റെയും മാലിന്യങ്ങൾ ശുദ്ധീകരിക്കാനുള്ള സംവിധാനം സന്നിധാനത്തെ നിലവിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റിലില്ലെന്നും തീർത്ഥാടനസമയത്ത് സന്നിധാനത്തുനിന്നും വേസ്റ്റ് കൊണ്ടുപോകാൻ വളരെ ബുദ്ധിമുട്ടായതിനാൽ തിരക്ക് കൂടുമ്പോൾ മാലിന്യം കൊണ്ടുവരാൻ പ്രത്യേകം ഒരു വഴി വേണമെന്നും ഭക്ഷണമാലിന്യങ്ങൾ പമ്പയിൽ കുഴിച്ചുമൂടുന്ന രീതി ഒഴിവാക്കി പമ്പയിലും സന്നിധാനത്തും നിലയ്ക്കലുമായി ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കണമെന്ന ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശം എത്രയും വേഗം നടപ്പിലാക്കേണ്ടതാണെന്നും സമിതി നിരീക്ഷിക്കുന്നു.

പമ്പയിലെ മലിനീകരണം കൊണ്ടുണ്ടാകുന്നത് കുടിവെള്ളപ്രശ്നം മാത്രമല്ല പമ്പയിലെ മലിനജലത്തിലൂടെ ഒഴുകിവരുന്ന ഖരമാലിന്യങ്ങൾ വേമ്പനാട്ട് കായലിന്റെ അടിത്തട്ടിൽ നിക്ഷേപിക്കുന്നതുമൂലം ഉണ്ടാകുന്ന ഭീഷണി ചെറുതല്ല. ഇത് വേമ്പനാട്ട് കായലിനെയും കുട്ടനാടൻ മേഖലയെയും വിഷമയമാക്കുകയും വെള്ളത്തിലെ ഓക്സിജന്റെ അളവ് കുറയാൻ ഇടവരുത്തുകയും ചെയ്യുന്നു. ഇത് ഭാവിയിൽ കുട്ടനാട്ടിലെ ജൈവ വൈവിധ്യത്തെതന്നെ സാരമായി ബാധിക്കുമെന്ന് വേമ്പനാട് കായൽ മലിനീകരണത്തെ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ സമിതി ചൂണ്ടികാണിച്ചിട്ടുണ്ട്.

മാസ്റ്റർപ്ലാനിന്റെ തുടർച്ചയായി എരുമേലി, നിലയ്ക്കൽ, വണ്ടിപ്പെരിയാർ, പമ്പ, സന്നിധാനം എന്നീ മേഖലകൾക്കായി വിശദമായ വികസനരേഖ ആവശ്യമാണ്. എന്നാൽ മാസ്റ്റർപ്ലാൻ അംഗീകരിച്ച് 11 വർഷങ്ങൾ കഴിഞ്ഞിട്ടും ഈ പ്രദേശങ്ങളിലൊന്നിന്റെയും വികസനരേഖ തയ്യാറാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല എന്നതും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് മുമ്പുതന്നെ നിലനിന്നിരുന്ന സുസ്ഥിരമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ പിന്നീടും വർദ്ധിക്കുന്നതിലേക്ക് വഴിതെളിയിച്ചതായും സമിതി വിലയിരുത്തുന്നു.

കേന്ദ്ര ടൂറിസം മന്ത്രാലയം, സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) എന്ന പദ്ധതിക്ക് 9999.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും മേൽ പദ്ധതിയിലെ ഒരു ഭാഗമായ പമ്പ ഘടകത്തിൽ ഉൾപ്പെടുത്തി സോളിഡ് വേസ്റ്റ് മാനേജ്മെന്റിനായി 80.13 ലക്ഷം രൂപയുടെയും സ്വീവേജ് ട്രീറ്റ്മെന്റ് സിസ്റ്റത്തിനായി 1561 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിരുന്നുവെന്നും കൂടാതെ, സന്നിധാനം ഘടകത്തിൽ ഉൾപ്പെടുത്തി സോളിഡ് വേസ്റ്റ് മാനേജ്മെന്റിനായി 55.38 കോടി രൂപയുടെ അനുമതി ലഭിച്ചിരുന്നുവെന്നും ടി പ്രവൃത്തികൾ നടത്തുന്നതിനായി ശബരിമല മാസ്റ്റർപ്ലാൻ ഹൈപവർ കമ്മിറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വിനോദസഞ്ചാരവകുപ്പ് സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഘടകങ്ങൾ അനുവദനീയമായ സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ച പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങളല്ലാതെ ഈ കേന്ദ്ര പദ്ധതിയുടെ ഭാഗമായി മറ്റ് പ്രവൃത്തികൾ എരുമേലി ശബരിമല ഭാഗങ്ങളിൽ നിലവിൽ ചെയ്തു വരുന്നില്ലായെന്നും ടി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നിലയ്ക്കൽ, എരുമേലി, വണ്ടിപ്പെരിയാർ എന്നീ സ്ഥലങ്ങൾ ബേസ് ക്യാമ്പുകളായി വികസിപ്പിക്കുകയും ഇവിടെനിന്നും തീർത്ഥാടകരെ ദർശനത്തിനായി കൊണ്ടുപോയി സാധ്യമായ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തിരിച്ചെത്തിക്കുകയും ചെയ്യുന്ന സംവിധാനം ആവശ്യമാണെന്ന് സമിതി കരുതുന്നു. ബേസ് ക്യാമ്പുകളുടെ വികസനത്തിനനുസൃതമായി സന്നിധാനത്തെയും പമ്പയിലെയും താമസസൗകര്യങ്ങൾ അടിക്കടി വർദ്ധിച്ചു കൊണ്ടേയിരുന്നതായി സമിതി നിരീക്ഷിക്കുന്നു. അനാവശ്യ നിർമ്മിതികളൊഴിവാക്കി പമ്പയും സന്നിധാനവും ഹരിതാഭമാക്കി പുനർവികസിപ്പിക്കേണ്ടതിനായി സന്നിധാനത്തെ വാണിജ്യമേഖലയുടെയും താമസ/പാർപ്പിട മേഖലയുടെയും വ്യാപ്തി കുറയ്ക്കേണ്ടതുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

തീർത്ഥാടകരെ ബേസ് ക്യാമ്പുകളിൽ നിർത്തുക, നിലയ്ക്കൽ-പമ്പ യാത്ര പൊതുഗതാഗതം വഴി മാത്രമായി പരിമിതപ്പെടുത്തുക, ക്യൂ കോംപ്ലക്സുകളിൽ തീർത്ഥാടകരെ നിയന്ത്രിക്കുക തുടങ്ങിയ ക്രമീകൃതമായ രീതികളിലൂടെ പമ്പയിലും സന്നിധാനത്തും വന്നുചേരുന്ന തിരക്ക് നിയന്ത്രണവിധേയമാക്കാവുന്നതാണ് എന്ന് സമിതി മനസ്സിലാക്കുന്നു. അടുത്തകാലത്തുണ്ടായ പ്രളയത്തിനുശേഷമുള്ള സാഹചര്യങ്ങളുടെയും മറ്റ് ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ സമിതി മുൻകൂട്ടി എടുത്ത നിഗമനങ്ങൾക്ക് സമാനമായി എന്നത് യാദൃശ്ചികമാണ്. വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച ക്യൂ കോംപ്ലക്സ് ഇപ്പോഴും പൂർണമായി പ്രവർത്തനക്ഷമമായിട്ടില്ലായെന്ന് സമിതി വിലയിരുത്തുന്നു. സ്വകാര്യവാഹനങ്ങൾ നിലയ്ക്കൽവരെ പോകുന്നതുവഴി പാർക്കിംഗിനായി മാത്രം ഉപയോഗിക്കുന്ന പമ്പയിലെ വിശാലമായ വനമേഖല മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയുമെന്നും പമ്പയിലെ പാർക്കിംഗ് അടിയന്തര ആവശ്യങ്ങൾക്ക് വേണ്ടിയുള്ള വാഹനങ്ങൾക്കായി പരിമിതപ്പെടുത്തുന്നതോടൊപ്പം ഹിൽടോപ്പ്/മകരജ്യോതി ദർശനത്തിനെത്തുന്ന ആയിരക്കണക്കിന് തീർത്ഥാടകർക്കായി വികസിപ്പിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേയും നിരവധി വികസന പ്രവർത്തനങ്ങൾ, അംഗീകൃതമായ ഒരു വികസന പദ്ധതിയില്ലെങ്കിൽ പോലും പമ്പയിലും സന്നിധാനത്തും നടപ്പിലാക്കിവരുന്നു. പാരിസ്ഥിതികാവസ്ഥയെ കൂടുതൽ ദുർബലപ്പെടുത്തുന്ന ഇത്തരം അശാസ്ത്രീയമായ വികസന പദ്ധതികൾ വഴി പെരിയാർ കടുവാ സങ്കേതത്തിൽ ഓരോ വർഷവും കുമിഞ്ഞുകൂടുന്ന സ്റ്റീലിന്റെയും സിമന്റിന്റെയും കോൺക്രീറ്റിന്റെയും അളവ് ചെറുതല്ല. ഇതിനും പുറമെ നൂറുകണക്കിന്

ട്രാക്ടറുകൾ പമ്പയ്ക്കും സന്നിധാനത്തിനുമിടയിൽ ഓടുന്നതുവഴി ഉണ്ടാകുന്ന വായു മലിനീകരണം വന്യജീവികളിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമാണെന്ന് സമിതി വിലയിരുത്തുന്നു.

ശബരിമലയിലെ പ്രശ്നങ്ങൾക്ക് പ്രായോഗികവും ശാശ്വതവുമായ പരിഹാരം തീർത്ഥാടകരുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുക എന്നുള്ളതാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആ പ്രദേശത്തേക്ക് എത്രപേരെ ഒരു വർഷം പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് പ്രവേശിപ്പിക്കാൻ കഴിയും എന്ന കാര്യത്തിൽ പഠനം നടത്താൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തേണ്ടതാണെന്നും ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തീർത്ഥാടകരുടെ എണ്ണം പ്രകൃതിയെ മലിനമാക്കരുത് എന്ന കർശന ഉപാധികളോടുകൂടി നിയന്ത്രിക്കേണ്ടതാണെന്നും ശബരിമലയുടെ പവിത്രതയും കാനനഭംഗിയും നിലനിർത്തുവാൻ വേണ്ടി ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളും കർശനമായി പാലിക്കാൻ ബാധ്യസ്ഥരാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

ശബരിമലയിലെ തീർത്ഥാടനവുമായി ബന്ധപ്പെട്ട്, പമ്പയിലെത്തുന്ന അയ്യപ്പഭക്തരുടെ എണ്ണത്തിനനുസരിച്ചും മാലിന്യ സംസ്കരണത്തിലും പരിസ്ഥിതി സംരക്ഷണത്തിലും ശാസ്ത്രീയമായ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിലും പലവിധ കുറവുകളുണ്ടാകുന്നതായി സമിതി നിരീക്ഷിക്കുന്നു. വർഷം മുഴുവൻ തീർത്ഥാടനകാലമുള്ള തിരുപ്പതിപോലുള്ള ക്ഷേത്രങ്ങളിൽ ഓൺലൈൻ സംവിധാനത്തിലൂടെ അവിടെ എത്തിച്ചേരുന്ന ഭക്തരുടെ വിവരങ്ങൾ ദേവസ്വത്തിന് കൃത്യമായി അറിയാനും അതനുസരിച്ച് ക്രമീകരണങ്ങൾ നടത്തുവാനും കഴിയുന്നുണ്ട്. ഒരു വർഷം 65-70 ദിവസങ്ങൾ മാത്രം തീർത്ഥാടനകാലമുള്ള ശബരിമലയിൽ ഇത്തരം കാര്യങ്ങൾ ക്രമീകരിക്കാൻ സാധ്യത കൂടുതലുണ്ടായിട്ടും അത്തരത്തിലുള്ള ഒരു ക്രമീകരണവുമില്ലാത്തതിനാൽ ശബരിമലയുമായി ബന്ധപ്പെട്ട് ഭക്തിനിർഭരമായ സമീപനങ്ങളോ, നേതൃത്വമോ, കൃത്യമായ മോണിറ്ററിംഗോ അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളോ മുൻകൂട്ടിക്കണ്ട് ക്രമീകരിക്കാൻ സാധിക്കുന്നില്ല എന്നും സമിതി വിലയിരുത്തുന്നു.

ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി ഭക്തർ എത്തുന്ന വാഹനങ്ങൾക്ക് മതിയായ പാർക്കിംഗ് സൗകര്യമില്ല എന്നത് അടിയന്തര ശ്രദ്ധ പതിയേണ്ട പ്രശ്നമാണ്. എരുമേലിയിൽ ചില സമയങ്ങളിൽ മണിക്കൂറുകളോളം വാഹനക്കാർക്ക്

അനുഭവപ്പെടുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വലിയ വാഹനങ്ങളിൽ നിലയ്ക്കലിൽ എത്തുന്ന അയ്യപ്പഭക്തരെ അവിടെ നിന്നും പ്രത്യേക വാഹനത്തിൽ സന്നിധാനത്ത് എത്തിക്കുന്ന രീതിയിൽ ദേവസ്വം ബോർഡ് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം ബൈക്കുകൾക്ക് ബാധകമാക്കാത്തത് അപകടങ്ങൾ വരുത്തുന്നുവെന്നു മാത്രമല്ല, ട്രാഫിക്കിനെയും ബാധിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നദി തന്നെ ഇല്ലാതാക്കുമെന്ന പാഠമാണ് 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം നമുക്ക് നൽകിയത്. ഇതിൽ നിന്ന് പാഠം ഉൾക്കൊണ്ട് പമ്പാ നദിയിലെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്താതെ പരിസ്ഥിതി സൗഹൃദമായ നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് പൂർണ്ണമായും മാറേണ്ടിയിരിക്കുന്നു. സങ്കുചിതമായ പരിസ്ഥിതി വാദമോ പരിസ്ഥിതിയെ പൂർണ്ണമായും തകർക്കുന്ന സമീപനമോ സ്വീകരിക്കാതെ പ്രായോഗികമായ സമീപനം സ്വീകരിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു.

ശക്തിയോടെ ഇരുകരകളെയും വിഴുങ്ങി പാഞ്ഞെത്തിയ പ്രളയജലം പമ്പാതീരങ്ങളിലുണ്ടാക്കിയ കെടുതികൾ അനവധിയാണ്. പമ്പയിലെ പാർക്കിംഗ് മൈതാനങ്ങളിൽ, പ്രളയശേഷവും മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്നുണ്ട്. പമ്പയിലും ത്രിവേണി മുതൽ ആറാട്ട് കടവ് വരെയുള്ള പല ഭാഗങ്ങളിലും മണൽ അടിയുകയും ഹിൽടോപ്പ് അടിവാരത്തിലെ പാർക്കിംഗ് മൈതാനം, പമ്പാ പെട്രോൾ പമ്പിന് സമീപം യുടേൺ മുതൽ ആറാട്ടുകടവിലെ ബണ്ട് വരെയുള്ള ഭാഗങ്ങളിൽ കൽക്കെട്ട് ഇടിഞ്ഞ് പമ്പയിലേക്ക് വീഴുകയും ചെയ്തിരുന്നു. പമ്പയിലെ കുടിവെള്ള കിയോസ്കുകൾ മുഴുവനും തകർന്നതിനാൽ വെള്ളത്തിന്റെ ലഭ്യത മണ്ഡല തീർത്ഥാടനകാലത്ത് വളരെ കുറവാകാൻ സാധ്യതയുണ്ട്. നിലയ്ക്കലിലേക്കും പമ്പയിലേക്കുമുള്ള റോഡുകളിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി ശബരിമലയിലേക്ക് പരമ്പരാഗത പാതയിലൂടെയുള്ള സഞ്ചാരം കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു.

ശബരിമലതീർത്ഥാടനം കുറ്റമറ്റതാക്കേണ്ടതിൽ ദേവസ്വം ബോർഡിനും വിവിധ സർക്കാർ വകുപ്പുകൾക്കും കൂടുതൽ ഉത്തരവാദിത്തമുണ്ട്. താൽക്കാലിക സംവിധാനമെന്ന് പറഞ്ഞ് ഉത്തരവാദിത്തമൊഴിയാതെ സൗകര്യപ്രദമായ സംവിധാനം ഒരുക്കേണ്ടത് ഓരോ വകുപ്പിന്റെയും ചുമതലയാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു.

പ്രളയത്തിൽ നശിച്ചിട്ടുള്ള, പമ്പയിലെ മുഴുവൻ അനധികൃത നിർമ്മിതികളും പുനർനിർമ്മിക്കാതിരിക്കാനും പമ്പാ നദിയിൽ അനാവശ്യ സ്ഥിരം നിർമ്മാണങ്ങൾ അനുവദിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ശബരിമല തീർത്ഥാടനകാലത്ത് പ്രകൃതിയോടും പരിസ്ഥിതിയോടും യോജിച്ചുപോകുന്ന തരത്തിൽ ദീർഘവീക്ഷണത്തോടെയുള്ള വികസന തന്ത്രങ്ങളാണ് നടപ്പിലാക്കേണ്ടത്. സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ ദേവസ്വംബോർഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ വനംവകുപ്പുമായി ചേർന്നു സമവായമുണ്ടാക്കേണ്ടത് അനിവാര്യമാണ്. തീർത്ഥാടകരുടെ ആവശ്യങ്ങൾ പരിഗണിച്ചും പ്രകൃതിക്ഷോഭത്തെ അതിജീവിക്കുന്നതുമായ പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ വേണം ശബരിമലയിൽ നടത്തേണ്ടത്. പ്രളയത്തെത്തുടർന്ന് ശബരിമല ബേസ് ക്യാമ്പായി നിലയ്ക്കലിനെ മാറ്റുക എന്നത് ശ്രമകരമാണ്. ലക്ഷക്കണക്കിന് തീർത്ഥാടകരെ ഉൾക്കൊള്ളാനുള്ള ശേഷിയും സജ്ജീകരണങ്ങളും നിലയ്ക്കലിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു. നിലയ്ക്കൽ ഇടത്താവളമായി വികസിപ്പിക്കുന്നതിലൂടെ പമ്പയിലുള്ള വിപണന കേന്ദ്രങ്ങളും ഹോട്ടലുകളും ശൗചാലയങ്ങളും നിലയ്ക്കലിലേക്ക് സ്വാഭാവികമായി മാറും. അയ്യപ്പന്മാരുടെ ആചാരാനുഷ്ഠാനങ്ങൾക്ക് മാത്രമായി പമ്പാ നദീതീരം ഉപയോഗിക്കണം. പമ്പയുടെ വൃഷ്ടിപ്രദേശത്തെ വനമേഖല പുഷ്ടിപ്പെടുത്തുകയും നീരുറവകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്യേണ്ടത് തീർത്ഥാടകരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. സമിതി നടത്തിയ തെളിവെടുപ്പുയോഗങ്ങളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ സമർപ്പിക്കുന്നു.

## ശിപാർശകൾ

1. **ശബരിമലയിലേക്കുള്ള പ്രധാന പ്രവേശന കവാടങ്ങളിലൊന്നായ എരുമേലിയിൽ തീർത്ഥാടന സീസൺ സമയത്ത് ഗുരുതരമായ പരിസ്ഥിതി മലിനീകരണം നടക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള മതിയായ സംവിധാനങ്ങൾ അവിടെ നിലവിലില്ല. മാലിന്യ സംസ്‌കരണത്തിന് ഒരു സ്ഥിരം സംവിധാനമൊരുക്കേണ്ടത് അനിവാര്യമാണെന്നതിനാൽ ഇവിടെ നിലവിലുള്ള മാലിന്യ സംസ്‌കരണ പ്ലാന്റുകൾ പുതുക്കി നിർമ്മിക്കുന്നതിനും ശരിയായ മാലിന്യ സംസ്‌കരണത്തിനായി കൂടുതൽ കപ്പാസിറ്റിയുള്ള പുതിയ പ്ലാന്റുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

2. എരുമേലിയിലെ പ്രൈവറ്റ് ബസ്സ്റ്റാന്റിലുള്ള കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നില്ലെന്നും ലക്ഷക്കണക്കിന് തീർത്ഥാടകർ വന്നുപോകുന്ന എരുമേലിയിൽ ടാക്സിസ്റ്റാന്റ് ഇല്ലായെന്നും തീർത്ഥാടകരിലേറെയും പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നതായും സമിതിക്ക് തെളിവെടുപ്പ് യോഗത്തിൽ ബോധ്യപ്പെട്ടു. ആയതിനാൽ എരുമേലിയിൽ ഒരു ടാക്സിസ്റ്റാന്റ് നിർമ്മിക്കുന്നതിനും, ആവശ്യത്തിന് കംഫർട്ട് സ്റ്റേഷനുകൾ ശാസ്ത്രീയ സൗകര്യങ്ങളോടുകൂടി പ്രവർത്തിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് നഗരങ്ങളിൽ അനുവർത്തിച്ചു വരുന്ന ഒന്നാണ് ബൈപ്പാസുകളുടെ നിർമ്മാണം. സ്ഥലപരിമിതിയും ഗതാഗതക്കുരുക്കും അനുഭവപ്പെടുന്ന എരുമേലിയിൽ തീർത്ഥാടന സീസണിൽ വളരെയധികം തിരക്ക് അനുഭവപ്പെടുന്നതിനാൽ അവിടെ തീർത്ഥാടകർക്കും മറ്റ് സ്ഥലവാസികൾക്കും സുഗമമായി സഞ്ചരിക്കാൻ ഉതകുന്നതരത്തിൽ ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി തീർത്ഥാടന സീസൺ സമയങ്ങളിൽ മാത്രം ആവർത്തിച്ചുപയോഗിക്കുന്നതരത്തിലുള്ള താൽക്കാലിക നടപ്പാലങ്ങളുടെയും ചെറിയ വാഹനങ്ങൾ കടന്നുപോകാനുതകുന്ന തരത്തിലുള്ള താൽക്കാലിക ഫ്ലൈഓവറുകളുടെയും നിർമ്മാണസാധ്യതാപഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇവയുടെ നിർമ്മാണസാമഗ്രികൾ പരിസ്ഥിതി സൗഹൃദപരമായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. വലിയമ്പലത്തിനു സമീപമുള്ള കുളിക്കടവിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ കൊരട്ടിയിൽ സ്ഥാപിച്ചിട്ടുള്ള തടയണയിൽ നിന്നും അധിക ജലം വലിയമ്പലത്തിന് സമീപം എത്തിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം നിലയ്ക്കൽ പ്രദേശത്ത് വനം വകുപ്പ് കൈമാറിയ 110 ഹെക്ടർ സ്ഥലത്ത് മാലിന്യസംസ്കരണം നടത്തുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത മേഖലയിൽ ആനയിറങ്ങാത്ത രീതിയിൽ ട്രഞ്ച് ഉണ്ടാക്കി മാലിന്യം സംസ്കരിക്കുന്നതിന് സംവിധാനം ഒരുക്കുകയും ട്രഞ്ചിലേക്ക് മാലിന്യവുമായി വരുന്ന വണ്ടി കയറുമ്പോൾ മാത്രം തുറക്കുകയും അല്ലാത്ത സമയം അടച്ചിടാനും സാധിക്കുന്ന തരത്തിലുള്ള ഇരുമ്പ് പാലവും അതിന് ചുറ്റും സൗരോർജ്ജ വേലിയും നിർമ്മിക്കണമെന്നുമുള്ള വനം വകുപ്പിന്റെ നിർദ്ദേശം നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പമ്പാ നദിയുടെ അതിർത്തി അളന്ന് തിട്ടപ്പെടുത്തി എല്ലാ വകുപ്പുകളും യോജിച്ച് നദീസംരക്ഷണത്തിനായി ഒരു പ്രകൃതിസൗഹൃദ മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും പമ്പാ നദീതീരം സംരക്ഷിക്കുന്നതിന് ജലസേചന വകുപ്പ് ലക്ഷ്യമിട്ട 3.25 കോടിയുടെ പദ്ധതിയ്ക്ക് പകരം കൈത, മുള തുടങ്ങിയ സസ്യങ്ങൾ വെച്ച് പിടിപ്പിച്ച് നദീതീരം സംരക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. ഹരിദ്വാറിൽ ഗംഗാആരതിയ്ക്കായി ഗംഗാനദിയിൽ കൈവഴി സൃഷ്ടിച്ചിട്ടുള്ളതുപോലെ ശബരിമല തീർത്ഥാടകരുടെ എല്ലാവിധ അനുഷ്ഠാനങ്ങളും നിറവേറ്റുന്നതിനു വേണ്ടി പമ്പാനദിയിൽ ഒരു കൈവഴി സൃഷ്ടിക്കുന്നതിനും കൈവഴിയിലുണ്ടാകുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് പമ്പയുമായി വീണ്ടും യോജിപ്പിക്കുന്നതിനും സഹായകമാകുന്നതരത്തിൽ അടിയന്തരമായി പഠനം നടത്തുകയും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. പമ്പ ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട് 2007-ൽ പൂർത്തിയാക്കിയ 6 ചെക്ക് ഡാമുകൾ പമ്പാ നദി കടന്നുപോകുന്ന 4 ജില്ലകളെ ഉൾപ്പെടുത്തി നിർമ്മിച്ചിരുന്നുവെങ്കിലും പമ്പാ നദിയിലെ ഖര-ദ്രവ മാലിന്യങ്ങളുടെ സംസ്കരണ സംവിധാനങ്ങൾ പ്രായോഗികമായി നടപ്പിലാക്കിയിട്ടില്ല. ഇത് നടപ്പിലാക്കണമെന്നുള്ള കേരള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. തീർത്ഥാടകരുടെ മനസ്സിന്റെ ഭയവും വ്യാകുലതകളും ഉപേക്ഷിക്കുന്നതിന്റെ ഭാഗമായി അവർ, പ്രത്യേകിച്ചും ഇതര സംസ്ഥാനക്കാർ ധരിക്കുന്ന വസ്ത്രം നനച്ച് പമ്പയിലൊഴുക്കുന്നതിനാൽ നദിയുടെ സ്വാഭാവിക ഒഴുക്കിന് തടസ്സമുണ്ടാകുകയും മാലിന്യം കുന്നുകൂടുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. ഇത് ഒഴിവാക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യമാണ്. ഇത്തരം ആചാരങ്ങൾ നദിയുടെ മരണത്തിനും ജനതയുടെ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകും എന്നുള്ളത് തീർത്ഥാടകരെ ബോധ്യപ്പെടുത്തണമെന്നും അതിനാവശ്യമായ പ്രചാരണം നടത്തണമെന്നും, ഭക്തർ കൊണ്ടുവരുന്ന വസ്ത്രങ്ങൾ കരയിലോ നദിയിലോ നിക്ഷേപിച്ചാൽ അവ സംഭരിച്ച് ഐ.ഐ.ടി. തുടങ്ങിയ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ ചവിട്ടുമെത്ത പോലുള്ള മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്ന കാര്യം ആലോചിക്കണമെന്നും, ഇത് ഒരു ബാധ്യതയായി കണക്കാക്കാതെ നമ്മുടെ ബുദ്ധിയും ഭാവനയും, സാമൂഹ്യപ്രതിബദ്ധതയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കണമെന്നും ആയതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശബരിമലയിൽ കുപ്പിവെള്ളം നിരോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജലഅതോറിറ്റി കാനനപാതയിലും സന്നിധാനത്തും കുടിവെള്ളം നൽകുന്നത് ഇലക്ട്രോ ക്ലോറിനേഷനും പ്രഷർ ഫിൽറ്റർ വഴിയുമാണ്. ആയതിനാൽ വ്യവസ്ഥാപിതമായ ഒരു സമ്പൂർണ്ണ ജല ശുദ്ധീകരണ ശാല പമ്പയ്ക്ക് സമീപം ഹിൽടോപ്പിൽ നിർമ്മിക്കണമെന്നും അതിനായി വേണ്ടി വരുന്ന വനഭൂമി അവിടുത്തെ ആവാസവ്യവസ്ഥയ്ക്ക് കോട്ടം സംഭവിക്കാത്ത രീതിയിൽ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. നിലയ്ക്കലിനപ്പുറത്തേക്ക് സ്വകാര്യ വാഹനയാത്ര നിയന്ത്രിക്കുന്നതിനും അവിടെ നിന്ന് ലഭ്യമാകുന്ന പൊതുഗതാഗത സംവിധാനമുപയോഗിച്ച് യാത്ര ചെയ്യണമെന്നുമുള്ള നിർദ്ദേശം നൽകണമെന്നും നിലയ്ക്കലിനുശേഷമുള്ള യാത്രാ സൗകര്യങ്ങൾ സംബന്ധിച്ച് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം, പ്രത്യേകിച്ച് വാഹനങ്ങൾക്ക് പാസ് നൽകുന്നത് തുടരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. പമ്പയിലെ ഗതാഗതക്കുരുക്കിന് വലിയ അളവിൽ കാരണമാകുന്നത് കൂടുതൽ തീർത്ഥാടകർ ബൈക്കുകളിൽ എത്തുന്നു എന്നുള്ളതാണ്. അവിടെ കാട്ടുമൃഗങ്ങൾക്കും ആവാസവ്യവസ്ഥയിലെ സൂക്ഷ്മജീവികൾക്കും ബൈക്കിന്റെ ശബ്ദം കൊണ്ടുണ്ടാകുന്ന പ്രത്യാഘാതം വളരെ വലുതാണെന്നും ഇത് കാനന പാതയിലെ മറ്റ് ജീവികൾക്കും ഗുരുതരമായ ഭീഷണി സൃഷ്ടിക്കുന്നതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ നിലയ്ക്കലിനപ്പുറത്തേയ്ക്ക് ബൈക്ക് യാത്ര അനുവദിക്കരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. പമ്പാ നദിയിൽ സോപ്പ്, എണ്ണ, ഷാമ്പു എന്നിവ ഉപയോഗിച്ച് തീർത്ഥാടകർ സ്നാനം ചെയ്യുന്നതുമൂലം നദീജലം എളുപ്പത്തിൽ മലിനമാകുന്നു. ഇത് കർശനമായി നിരോധിക്കുവാനും നിലയ്ക്കലും പമ്പയിലും ഇത് പരിശോധിക്കുവാൻ സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് ലേലം നൽകിയിട്ടുള്ള കടകളിൽ അത്തരം സാധനങ്ങൾ വിൽക്കുന്നത് ഒഴിവാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. എരുമേലിയും, പമ്പയും, സന്നിധാനവും മറ്റ് പരിസര പ്രദേശങ്ങളും പ്ലാസ്റ്റിക് വിമുക്ത മേഖലയായി പ്രഖ്യാപിക്കേണ്ടതാണെന്നും പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് സത്വര നടപടികൾ സ്വീകരിക്കണമെന്നും സന്നദ്ധ സംഘടനകൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ സഹായത്തോടുകൂടി തീർത്ഥാടകർക്കായി ബോധവത്കരണ ക്ലാസുകൾ നടത്തണമെന്നും പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. ഇരുമുടിക്കെട്ടിൽ നിന്നും പൂർണ്ണമായും പ്ലാസ്റ്റിക് ഒഴിവാക്കി പകരം പേപ്പർ/തുണി ഉപയോഗിക്കുന്നതു സംബന്ധിച്ച് വിവിധ ഭാഷകളിൽ പരസ്യപ്രചരണം നടത്തണമെന്നും ബൃഹത്തായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും ഇക്കാര്യത്തിൽ ആവശ്യമാണെങ്കിൽ മറ്റു സംസ്ഥാന ഗവൺമെന്റുകളുടെ സഹായം തേടണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. എരുമേലി, പമ്പ, സന്നിധാനം തുടങ്ങിയ ഭാഗങ്ങളിൽ രൂക്ഷമായ പ്ലാസ്റ്റിക് ശല്യം ഒഴിവാക്കുന്നതിന് ക്ലീൻ പെരുനാട് എന്ന പേരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണെന്ന് ബന്ധപ്പെട്ട വകുപ്പ് അറിയിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനംമൂലം ഉണ്ടാകുന്നതും പരിസ്ഥിതിക്കേറെ നാശം ഉണ്ടാക്കുന്നതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കുന്നത് ഒരു പരിധി വരെ ഇതുവഴി സാധ്യമാകുമെന്നതിനാൽ ഇവ പ്രാവർത്തികമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

17. സീസൺ സമയത്തു പ്രവർത്തിക്കുന്ന താത്കാലിക കടകളിലെ മാലിന്യങ്ങൾ സീസൺ കഴിഞ്ഞശേഷം ഉപേക്ഷിച്ചുപോകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടകൾ ലേലം പിടിക്കുന്നവരിൽ നിന്നും ലേലം പിടിക്കുന്ന സമയത്തുതന്നെ മാലിന്യസംസ്കരണത്തിനാവശ്യമായ ഒരു തുക മുൻകൂർ ആയി സ്വീകരിച്ചതിനു ശേഷം മാത്രം കരാർ ഉറപ്പിക്കണം എന്നും മാലിന്യം സംസ്കരിക്കണമെന്ന് നിഷ്കർഷിക്കുകയും ആയതിന് വിമുഖത കാണിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനും മാലിന്യ സംസ്കരണം ബന്ധപ്പെട്ട തദ്ദേശസ്ഥാപനം നിർവ്വഹിക്കുന്നപക്ഷം ആയതിനു ചെലവാകുന്ന തുക കരാറുകാരനിൽ നിന്നും അഡ്വാൻസ് ഇനത്തിൽ ഈടാക്കി വകയിരുത്താൻ നടപടി സ്വീകരിക്കണമെന്നും ലേലം പിടിക്കുന്നവർ മാലിന്യങ്ങൾ എങ്ങനെ പ്രോസസ് ചെയ്യുന്നുവെന്നും, പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നുണ്ടോ എന്നും, ഹൈപവർ കമ്മിറ്റിയും ദേവസ്വം ബോർഡും നിരീക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

1746/2018.

18. ശബരിമല തീർത്ഥാടകരുടെ ഇരുമുടിക്കെട്ടിലുള്ളതും, പേട്ട തുള്ളലിന് കടകളിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നതുമായിട്ടുള്ള രാസസിന്ദൂരം ഉയർത്തുന്ന പാരിസ്ഥിതിക ഭീഷണി ചെറുതല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ലോഹാംശം കൂടുതലുള്ള മാരകമായ രാസസിന്ദൂരത്തിനുപകരം ജൈവസിന്ദൂരം തീർത്ഥാടകർക്ക് നൽകുന്നതിന് ഒരു പരിപാടി സംഘടിപ്പിച്ചിരുന്നതായും തെലങ്കാന അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത ശുദ്ധമായ ജൈവസിന്ദൂരം സാധാരണ ഭക്തരിൽ എത്തിച്ചിട്ടില്ല എന്നും തെളിവെടുപ്പ് യോഗത്തിൽ പരിസ്ഥിതി പ്രവർത്തകർ അറിയിച്ചിരുന്നു. ആയതിനാൽ, രാസസിന്ദൂരം ഉപയോഗിക്കുന്നത് നിരോധിക്കണമെന്നും വിലവർദ്ധനവ് ഉണ്ടായാലും മാരകമായ രാസസിന്ദൂരം ഒഴിവാക്കി ജൈവസിന്ദൂര ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്നും രാസസിന്ദൂരം വിൽക്കരുതെന്ന് വ്യാപാരികളുടെ ഇടയിൽ ബോധവൽക്കരണം നടത്തണമെന്നും അതുപോലെ ബ്ലീച്ചിംഗ് പൗഡറിന്റെ ഉപയോഗം പരമാവധി കുറയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. പമ്പയിലേയും സന്നിധാനത്തെയും അനാവശ്യ നിർമ്മിതികൾ ഒഴിവാക്കുകയും സന്നിധാനത്തെ വാണിജ്യമേഖലയുടെ വ്യാപ്തി 45 ശതമാനത്തിൽനിന്നും 19 ശതമാനമായും, താമസ/പാർപ്പിട മേഖലയുടെ വ്യാപ്തി 9 ശതമാനത്തിൽനിന്നും 4 ശതമാനമായും കുറയ്ക്കേണ്ടതാണെന്നും അതോടൊപ്പം 'circulation zone', 'temple zone', 'green zone' എന്നിവയുടെ വ്യാപ്തി യഥാക്രമം 9 ശതമാനത്തിൽ നിന്നും 16 ശതമാനമായും, 3 ശതമാനത്തിൽ നിന്നും 8 ശതമാനമായും, 5 ശതമാനത്തിൽ നിന്നും 13 ശതമാനമായും വർദ്ധിപ്പിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ പണികഴിപ്പിച്ചിട്ടുള്ള മിക്ക ശൗചാലയങ്ങളും പ്രവർത്തനരഹിതവും വൃത്തിഹീനവുമാണ്. പൈപ്പുകൾ ഇല്ലാത്തതും, ഉള്ളവയിൽ തന്നെ ജലമില്ലാത്തതും സ്ഥിതി കൂടുതൽ ഗുരുതരമാക്കുന്നു. ഉപഭോക്താക്കളുടെ ഉത്തരവാദിത്തമില്ലായ്മയും ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു. കൂടുതൽ തീർത്ഥാടകരും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നത് വനത്തിനുള്ളിലായതിനാൽ ഇത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും പന്നി ശല്യവും രൂക്ഷമാണ്. ഇത് തീർത്ഥാടകർക്ക് പല തരത്തിലുള്ള അസുഖങ്ങൾ പിടിപെടാൻ കാരണമാകുന്നു. ഈ അവസ്ഥ ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ പൊതുവായ ഡ്രെയിനേജ് സംവിധാനം നടപ്പാക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർ ഇതുവരെ സർക്കാരിന് നൽകിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഒരു ചെറിയ പ്രദേശത്ത് ക്രമത്തിലധികം കക്കൂസ് മാലിന്യങ്ങൾ ഉണ്ടാകുന്നതുമൂലം അവിടത്തെ കിണറുകളും നദീജലവും സ്വാഭാവികമായും മലിനപ്പെടാനുള്ള സാധ്യത കൂടുതലാണ്. സീസണിനു മുൻപും അതിനു ശേഷവും സ്ഥിരമായി നദികളിലെയും തോടുകളിലെയും ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തുകയും പൊതു ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണമെന്നും തുടർന്നു വരുന്ന തീർത്ഥാടന കാലയളവിൽ ജലപരിശോധനാ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. അയ്യപ്പഭക്തർ ഉദാരമായി നൽകുന്ന സംഭാവനയിൽ നിന്നും, കൂടാതെ ശബരിമലയിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഉപയോഗിച്ചു കൊണ്ടും നിലയ്ക്കലും, എരുമേലിയും, പമ്പയും, സന്നിധാനവും വൃത്തിയായി സൂക്ഷിക്കേണ്ടത് ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്തമായി കണക്കാക്കണമെന്നും ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന്റെയോ മറ്റ് വകുപ്പുകളുടേയോ ആവശ്യമില്ലെന്നും, ഭക്തരുണ്ടെങ്കിൽ മാത്രമേ ദേവസ്വം ബോർഡ് ഉണ്ടാകൂ എന്നതിനാൽ ഭക്തരുടെ എല്ലാതരത്തിലുമുള്ള സുരക്ഷയും ദേവസ്വം ബോർഡ് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള ഒരു കച്ചവട സമൂഹം പ്രവർത്തിക്കുന്നുണ്ടെന്നും ഇത്തരം കച്ചവട സമൂഹത്തിന്റെ ദുരാഗ്രഹംമൂലമാണ് എരുമേലിയും, സന്നിധാനവും കൂടുതൽ മലിനപ്പെടുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ഈ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും നിലവിലുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട ഒരു നിയമസംവിധാനം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. സീസൺ സമയത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് ശുചിത്വം പാലിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ നൽകുകയും ആയത് കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് മിന്നൽ പരിശോധനയിലൂടെ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

25. സന്നിധാനത്ത് നടക്കുന്ന വിവിധ തരത്തിലുള്ള പ്രവൃത്തികളുടെ ഫലമായി പുറത്തേക്ക് വരുന്ന ഓയിലിന്റെയും ഗ്രീസിന്റെയും മാലിന്യങ്ങൾ ശുദ്ധീകരിക്കാനുള്ള സംവിധാനം സന്നിധാനത്ത് നിലവിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റിലില്ലാത്തതിനാൽ അതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും തീർത്ഥാടന സമയത്ത് സന്നിധാനത്ത് നിന്നും വേസ്റ്റ് കൊണ്ടുപോകാൻ വളരെ ബുദ്ധിമുട്ടായതിനാൽ തിരക്ക് കൂടുമ്പോൾ മാലിന്യം കൊണ്ടുപോകാൻ പ്രത്യേകം ഒരു പാത വേണമെന്നും ഭക്ഷണമാലിന്യങ്ങൾ പമ്പയിൽ കുഴിച്ചുമൂടുന്ന രീതി ഒഴിവാക്കി പമ്പയിലും സന്നിധാനത്തും നിലയ്ക്കലുമായി ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കണമെന്ന ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശം എത്രയും വേഗം നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. പ്രകൃതി സംരക്ഷിച്ചുനിർത്തിയിരിക്കുന്ന ഒന്നാണ് ശബരിമല ക്ഷേത്രമെന്നും ക്ഷേത്രത്തെയും ദേവനെയും ഭക്തിയോടെ കാണുന്നതുപോലെ തന്നെ പ്രകൃതിയെയും ജലത്തെയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും അത്തരത്തിലുള്ള പാരിസ്ഥിതികാവബോധം ഭക്തരിലും വരുംതലമുറയിലും ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ ദേവസ്വം ബോർഡ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരിമല മണ്ഡല മകരവിളക്ക്, മാസപൂജാ കാലയളവിലേക്ക് കച്ചവടം നടത്തുന്നതിലേക്കായി സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ലേലം ചെയ്യുന്ന കടകളിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വിൽപ്പനയും ഉപയോഗവും പരിപൂർണമായും നിരോധിക്കണമെന്നും ആയത് സംബന്ധിച്ച കർശന പരിശോധനകൾ പൂർത്തിയാക്കിയ ശേഷം മാത്രമേ ലേല നടപടികൾ അന്തിമമാക്കാവൂ എന്നും, പ്ലാസ്റ്റിക് വിരുദ്ധ ബോധവൽക്കരണം കൃത്യമായി നടത്തണമെന്നും പ്ലാസ്റ്റിക്കിന് പകരം തുണിസഞ്ചികൾ ഉപയോഗിക്കുന്നത് നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. പൂങ്കാവനം മാലിന്യ മുക്തമായി സംരക്ഷിക്കുന്നതിന് അവിടെ വരുന്ന തീർത്ഥാടകർ അനുവർത്തിക്കേണ്ട കാര്യങ്ങൾ വിവിധ ഭാഷകളിലെ ഓഡിയോ, വീഡിയോ സംവിധാനങ്ങൾവഴി പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ശബരിമലയിൽ ലഭിക്കുന്ന നാളികേരം, തെങ്ങിൻതൈ, പമ്പയിൽ ഉപേക്ഷിക്കുന്ന വസ്തുക്കൾ എന്നിവ ലേലം ചെയ്യുമ്പോൾ പരിസ്ഥിതി സംരക്ഷിക്കപ്പെടുന്ന തരത്തിലുള്ള സംവിധാനമുണ്ടാകണമെന്നും ലാഭകരമായും മനുഷ്യത്വപരമായും സാമൂഹികാവസ്ഥയ്ക്ക് ഗുണകരമായി അതുപയോഗിക്കുമെന്ന് ഉറപ്പാക്കുന്ന ആളുകൾക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുന്നതിന് അവസരം നൽകാൻ പാടുള്ളുവെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. ശബരിമലയിലേക്കുള്ള പരമ്പരാഗത പാത കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്നും പ്രസ്തുത പാതയിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. അയ്യപ്പ ഭക്തർക്ക് ഹൃദയസംബന്ധമായ അസുഖങ്ങളും, മറ്റ് ഗുരുതരമായ ആകസ്മിക രോഗങ്ങളും ഉണ്ടാകുമ്പോൾ അവർക്കാവശ്യമായ ചികിത്സാ സൗകര്യങ്ങളും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനവും ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ ആരോഗ്യവകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്നും അതോടൊപ്പം സീസൺ കാലയളവിൽ എരുമേലിയിലെ ആശുപത്രിയിൽ മുഴുവൻ സമയ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

32. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് എരുമേലി, പുൽമേട്, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലൂടെ സന്നിധാനത്ത് എത്തിച്ചേരുന്നവരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഇതുവരെയും ആരംഭിച്ചിട്ടില്ല എന്ന് സമിതി കരുതുന്നു. ഭക്തരുടെ എണ്ണം തിട്ടപ്പെടുത്തിയാൽ അതിനനുസരിച്ചുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് വകുപ്പുകൾക്ക് കഴിയുമെന്നതിനാൽ ഇതു സംബന്ധിച്ച വ്യക്തമായ കണക്കുകൾ തിട്ടപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയമായ സംവിധാനം ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ശബരിമല തീർത്ഥാടന സീസൺ കഴിഞ്ഞാൽ ഏകദേശം മൂന്ന് മാസക്കാലത്തോളം അട്ടത്തോട് മേഖലയിൽ ഈച്ചയും കൃമികീടങ്ങളും പെരുകി കോളനി നിവാസികൾക്ക് ത്വക്ക് രോഗങ്ങളും മറ്റ് പലവിധ അസുഖങ്ങളും ഉണ്ടാകുന്നുണ്ട് എന്ന പരാതി ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. ശബരിമല മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള റോപ് വേ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം നിലയ്ക്കൽ മുതൽ പമ്പ വരെ ഫ്യൂവൽ കൂടാതെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കണമെന്നും അത് ഈ വനമേഖലയിലെ കാർബൺമൂലമുള്ള മലിനീകരണം കുറയ്ക്കുന്നതിന് ഒരു പരിഹാരമാകുമെന്നതിനാൽ പ്രസ്തുത സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

35. സന്നിധാനത്ത് സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും പുറത്തേക്കുവരുന്ന മനുഷ്യവിസർജ്ജ്യം കലർന്ന ജലം ഞുണങ്ങാറിലേക്കും അതുവഴി പമ്പയിലേക്കും ഒഴുകിയെത്തുന്നതുമൂലം രോഗാണുക്കൾ വർദ്ധിക്കുകയും പ്രസ്തുത ജലം പ്രധാന കുടിവെള്ളസ്രോതസ്സായി ഉപയോഗിക്കുന്ന അട്ടത്തോട് മേഖലയിലെ ആദിവാസി സമൂഹമുൾപ്പെടെയുള്ളവർക്ക് ജീവനുതന്നെ ഭീഷണിയായി മാറുകയും ചെയ്തിരിക്കുന്നു. ഇതു സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹായത്താൽ അടിയന്തര പരിഹാരം കാണണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. ശബരിമലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമായിരിക്കണം. വികസന പ്രവർത്തനങ്ങൾ പരിശോധിക്കുവാനും തീർത്ഥാടനകാലം പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനും തീർത്ഥാടനത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉന്നതാധികാരമുള്ള ഒരു പരിസ്ഥിതി നിയന്ത്രണസെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. ഓരോ വർഷവും ശബരിമലയിലെത്തുന്ന ഭക്തരുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ശേഖരിക്കുവാനും എരുമേലിയുടെ സ്വാഭാവിക വിശുദ്ധി പരിരക്ഷിച്ചുകൊണ്ടും പാരിസ്ഥിതിക ദോഷം ഉണ്ടാകാതെയും ഭക്തരുടെ ആരാധനാസ്വാതന്ത്ര്യം നിഷേധിക്കാതെയുമുള്ള ശാസ്ത്രീയമായ തീർത്ഥാടന സംവിധാനം വിവിധ വകുപ്പുകളുടെ ഏകോപനം വഴി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. വരും തലമുറയ്ക്ക് ഉപയുക്തമാകത്തക്ക വിധത്തിൽ വനവും നദികളും തോടുകളും ശുദ്ധീകരിച്ച് പരിപാലിക്കണമെന്നും ലക്ഷക്കണക്കിന് ഭക്തരുടെ

പ്രോജക്ടുകൾ തയ്യാറാക്കിയതുകൊണ്ട് മാത്രം ഗുണം ഉണ്ടാകില്ലെന്നും ഭൂമിക്കടിയിലെത്തുന്ന മാലിന്യങ്ങൾ വലിച്ചെടുത്ത് മണ്ണിനെ ശുദ്ധീകരിക്കാൻ കെൽപ്പുള്ള മരങ്ങളും കൈതച്ചെടി ഉൾപ്പെടെയുള്ള സസ്യങ്ങളും പമ്പ ഉൾപ്പെടെയുള്ള നദികളുടെയും തോടുകളുടെയും തീരങ്ങളിൽ നട്ടുകൊണ്ട് ഭൂമിയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കണമെന്നും അതിന് വനം, പരിസ്ഥിതി എന്നീ വകുപ്പുകളും കാർഷിക സർവ്വകലാശാലയുമായി ചേർന്ന് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി അവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. ശബരിമലയുടെ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാസ്റ്റർ പ്ലാൻ പൂർണ്ണമായും നടപ്പാക്കണമെന്നും അതോടൊപ്പം നിലയ്ക്കൽ, വണ്ടിപ്പെരിയാർ, എരുമേലി എന്നീ സ്ഥലങ്ങളിലേയ്ക്കായി പരിസ്ഥിതി സൗഹൃദമായ പ്രത്യേക ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

40. അപ്പം, അരവണ എന്നിവ ഉണ്ടാക്കുന്നതിനായി സന്നിധാനത്തേക്ക് ശർക്കര കൊണ്ടുവരുന്നത് പ്ലാസ്റ്റിക് ചാക്കുകളിലാണ്. ഉപയോഗശേഷം ഈ ചാക്കുകൾ വനത്തിലേയ്ക്ക് വലിച്ചെറിയുന്ന സ്ഥിതിയുണ്ട്. ഇത് ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ഭക്ഷിക്കുന്നതുമൂലം അവ ചത്തൊടുങ്ങുന്നതിന് കാരണമാകുന്നു. ആയതിനാൽ ശർക്കര കൊണ്ടുവരുന്നത് പനയോല കൊണ്ട് നെയ്ത വട്ടികളിലാക്കി ചണ ചാക്കുകളിൽ ആയിരിക്കണമെന്നും ഉപയോഗശേഷം ഈ ചാക്കുകൾ ലേലം ചെയ്ത് കൊടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

41. ശബരിമലയിലെ പരിസ്ഥിതി മലിനീകരണംമൂലം സൂക്ഷ്മജീവികൾ, ചിത്രശലഭങ്ങൾ, പക്ഷികൾ, കാട്ടുമൃഗങ്ങൾ എന്നിവയ്ക്കുണ്ടായിട്ടുള്ള വംശനാശത്തെക്കുറിച്ചും ആവാസവ്യവസ്ഥയിലുണ്ടായ മാറ്റത്തെക്കുറിച്ചും സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. പരിസ്ഥിതി സംബന്ധിച്ച സമിതി വിവിധ കാലയളവുകളിൽ ശബരിമലയുമായി ബന്ധപ്പെട്ട് നിരവധി റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്ന ശിപാർശകളിൽ പലതും ഇപ്പോഴും പ്രസക്തമാണെന്നതിനാൽ മേൽപറഞ്ഞ ശിപാർശകളോടൊപ്പം മുൻറിപ്പോർട്ടുകളുടെ ശിപാർശകളും പരിഗണിച്ച് യുക്തമായ നടപടി സ്വീകരിക്കണമെന്നും ആവശ്യമെങ്കിൽ ശബരിമലയുടെ പാരിസ്ഥിതിക സന്തുലനത്തിനായി നിയമനിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 4.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.